ഉത്തരം

(എ, ബി) ഈയടുത്ത കാലംവരെ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴില്ല. അതുകൊണ്ട് സീറ്റ് വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ്

535 [592] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

തെങ്ങുരോഗ നിവാരണത്തിന് നടപടി

536 [593] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കോറിഡ് ബഗ്' രോഗം ബാധിച്ചതിന്റെ ഫലമായി എത്ര ലക്ഷം തെങ്ങുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി കേര കൃഷിക്കുണ്ടായ മൊത്തം നഷ്ടം എത്ര?

ഉത്തരം

(എ) 'കോറിഡ് ബഗ്' എന്ന കീടത്തിന്റെ ശല്യംമൂലം തെങ്ങുകൾ പൂർണ്ണമായി നശിക്കാറില്ല. എന്നാൽ തെങ്ങിന്റെ വിളവ് ഭാഗികമായി കുറയാറുണ്ട്. എത്ര ലക്ഷം തെങ്ങുകളെ ഈ കീടം ഉപദ്രവിക്കുന്നുവെന്നതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി, സി) ഈ കീടത്തിന്റെ ആക്രമണത്തിന്റെ വ്യാപ്തിയും അതുണ്ടാക്കുന്ന നഷ്ടവും കണക്കാക്കുവാനായി കേരള കാർഷിക സർവ്വകലാശാലയും സംസ്ഥാന കൃഷി വകുപ്പും ചേർന്ന് ഒരു സർവെ നടത്തി വരുന്നു. ഈ സർവെ പൂർത്തിയാകുമ്പോൾ മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി

537 [594] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഒരുപ്പുകൃഷി ചെയ്യുന്ന ഭൂമി, ഇരുപ്പുകൃഷി ചെയ്യുന്ന ഭൂമി ഇവ എത്ര വീതം?

ഉത്തരം

(എ, ബി) 1982–83–ലെ കണക്കനുസരിച്ച് മൂന്നു വിളകളിലായി 7,40,086 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ട്. ഒന്നാം വിളയ്ക്ക് 3,27,783 ഹെക്ടറിലും രണ്ടാം വിളയ്ക്ക് 3,24,560 ഹെക്ടറിലും മൂന്നാം വിളയ്ക്ക് 87,743 ഹെക്ടറിലും നെൽകൃഷി ഉണ്ടെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു.

കന്നുകാലി സംരക്ഷണം

538 [595] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ൽ കന്നുകാലി സംരക്ഷണത്തിന് ചെലവാക്കാൻ നീക്കിവയ്ക്കപ്പെട്ട തുക എത്ര;

(ബി) അതിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 766.911 ലക്ഷം രൂപ.

(ബി) 775.468 ലക്ഷം രൂപ.

മൈനർ സ്റ്റേറേറ് കാഷ്യൂ പ്രോജക്ട് സ്കീമിൽ ഉൾപ്പെടുത്തി പണിയുന്ന റോഡുകൾ

539 [596] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ സ്റ്റേറേറ് കാഷ്യൂ പ്രോജക്ട് സ്കീമിൽ ഉൾപ്പെടുത്തി മൂന്നു റോഡുകൾ കൂടി പണിയാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഈ റോഡുകളുടെ പണി ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൈനർ സ്റ്റേറേറ് കാഷ്യൂ പ്രോജക്ടിൽ ആദ്യം ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പിന്നീട് വേണ്ടെന്നുവച്ചതുമായ മൂന്നു റോഡുകൾക്കു പകരം പുതിയ മൂന്നു റോഡുകൾ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 1. വെള്ളാട്–ആശാൻകവല–കുടിയാൻമല റോഡ് (കണ്ണൂർ ജില്ല)

2. പന്ത്രിൽപ്പാടി–പുല്ലൂപ്പറച്ച്–പായങ്ങാടി റോഡ് (മലപ്പുറം ജില്ല)

3. അരങ്ങാട്–ചെറുവത്തൂർ–പാലക്കാട് റോഡ് (മലപ്പുറം ജില്ല)

LIBRARY ARCHIVES Kerala Legislative Assembly